ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - സിക്ക് റൂം അറ്റൻറർ ശ്രീ മുരുകൻ പി യെ ഗാർഡനർ തസ്തികയിലേക്ക് മാറ്റി നിയമിച്ചു കൊണ്ട് - സ്ഥാപന മാറ്റം നടത്തി കൊണ്ട് - ഉത്തരവ് – പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (ഡി ) വിഭാഗം**

**നം. ED2/36982/23/DTE** **തിരുവനന്തപുരം,**

**തീയതി : 01-03-2025**

---

വായന :-

1. ഈ കാര്യാലയത്തിൽ നിന്നുള്ള 28.08.2024 തീയതിയിലെ ഇതേ നമ്പർ ചാർജ്ജ് മെമ്മൊ.
2. ശ്രീ മുരുകൻ പി. സമർപ്പിച്ച പ്രതിവാദ പത്രിക
3. ഈ കാര്യാലയത്തിൽ നിന്നുള്ള 11.02.2025 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
4. തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാളിന്റെ 20.1.2025-ലെ E/2375/24 നം. കത്ത്.
5. കോതമംഗലം സാങ്കേതിക വിദ്യാഭ്യാസ മേഖല കാര്യാലയം ജോയിൻറ് ഡയറക്ടറുടെ 23.12.2023 തീയതിയിലെ CA/2753/23/RDTEK നമ്പർ റിപ്പോർട്ട് .

**<u>ഉത്തരവ്</u>**

തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിൽ സിക്ക് റൂം അറ്റൻറർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ മുരുകൻ പി. യ്ക്ക് ഇൻറേണൽ കംപ്ലയിന്റ്സ് & ആൻറി സെക്ഷ്വൽ ഹരാസ്മെൻറ് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി മേൽ വായന (1) പ്രകാരം ശ്രീ മുരുകൻ പി. യ്ക്ക് എതിരെ ചാർജ്ജ് മെമ്മൊ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൾ മേൽ വായന (2) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ മേൽ വായന (3) പ്രകാരം ടിയാൾക്ക് സെൻഷ്വർ നൽകി ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിക്കുകയും ചെയ്തിരുന്നു.

എന്നാൽ മേൽ വായന (4) ലെ പ്രിൻസിപ്പാളിന്റെ കത്തുകളുടെയും മേൽ വായന

(5) കോതമംഗലം സാങ്കേതിക വിദ്യാഭ്യാസ മേഖല കാര്യാലയം ജോയിൻറ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ സമാധാന അന്തരീക്ഷം ഉണ്ടാകുന്നതിനും ഓഫീസിന്റെ കാര്യക്ഷമവും സുഗമവും ആയ നടത്തിപ്പിനും ഹോസ്റ്റലിലെ ജീവനക്കാരെ സമീപസ്ഥാപനങ്ങളിലേക്ക് മാറ്റി നിയമിക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ളത് പരിഗണിച്ച് ശ്രീ മുരുകൻ പി. യെ സിക്ക് റൂം അറ്റൻറർ തസ്തികയിൽ നിന്നും സമാന ശമ്പള നിരക്കിലുള്ള ഗാർഡനർ തസ്തികയിലേക്ക് തസ്തിക മാറ്റം നല്കി സ്ഥാപനം മാറ്റി നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. അതോടൊപ്പം ചുവടെ പറയുന്ന ജിവനക്കാരന് സ്ഥാപന മാറ്റവും ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക, സ്ഥാപനം, പെൻ നമ്പർ | മാറ്റം അനുവദിയ്ക്കുന്ന സ്ഥാപനം |
|---|---|---|
| 1. | ശ്രീ വില്ല്യം സെൽവരാജ്<br>ഗാർഡനർ<br>മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ<br>പെൻ:401836 | ഗാർഡനർ<br>ഹോസ്റ്റൽ ഓഫീസ്,<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,<br>തൃശ്ശൂർ (ശ്രീമതി ലത കെ. വി. തസ്തിക മാറ്റം ലഭിച്ച ഒഴിവ്) |
| 2. | ശ്രീ. മുരുകൻ പി.<br>സിക്ക് റൂം അറ്റൻറർ,<br>ഹോസ്റ്റൽ ഓഫീസ്,<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,<br>തൃശ്ശൂർ<br>പെൻ:197323 ( ഗാർഡനർ തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതു താൽപ്പര്യ പ്രകാരം മാറ്റുന്നത് ) | ഗാർഡനർ,<br>മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ ( ശ്രീ വില്ല്യം സെൽവരാജ് സ്ഥലംമാറ്റം ലഭിച്ച ഒഴിവ്) |

സ്ഥാപന മേധാവികൾ മേൽ ജീവനക്കാരെ ഉടനടി വിടുതൽ ചെയ്തു വിടുതൽ/ചേരും കാലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

Signed by Shalij P R
Date: 01-03-2025 14:44:26

SHALIJ P R
DIRECTOR

സ്വീകർത്താവ്,

1. സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും വെബ്സൈറ്റ് മുഖാന്തിരം.

**2.** കരുതൽ ഫയൽ / ഓഫീസ് പകർപ്പ് .